പിന്നോക്ക പട്ടികസമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

(എ) 2456 കുടുംബങ്ങളെ കൂടി പാർപ്പിച്ചിട്ടുണ്ട്.

(ബി) അല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇല്ല.

നാനോ ടെക്നോളജി സെന്ററിന്റെ ലക്ഷ്യങ്ങൾ

12 [*279] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാനോ ടെക്നോളജി സെന്ററിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനവും വിശദമാക്കാമോ ;

(ബി) ദേശാന്തര നിലവാരമുള്ള നാനോ ടെക്നോളജി സെന്റർ തിരുവനന്തപുരത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഈ സെന്ററിന് സാമ്പത്തികവും സാങ്കേതികവുമായ സഹായസഹകരണങ്ങൾ ഏതെല്ലാം മേഖലകളിൽ നിന്നാണ് ഉറപ്പാക്കാനായിട്ടുള്ളത് എന്ന് അറിയിക്കാമോ ?

മുഖ്യമന്ത്രി (ശ്രീ . ഉമ്മൻചാണ്ടി):

(എ) മനുഷ്യരിലെ ജനിതക തകരാറുകൾ പരിഹരിക്കാനുള്ള സാങ്കേതിക സംവിധാനത്തിന് രൂപം നൽകുന്ന ഗവേഷണ സംരംഭമാണ്. നാനോ ടെക്നോളജി സെന്റർ. ഗവേഷണത്തിലൂടെ രൂപം നൽകുന്ന നാനോ ചിപ്പുകൾ മനുഷ്യ ശരീരത്തിൽ നിക്ഷേപിച്ച് ജനിതക സ്വഭാവത്തെ നിയന്ത്രിക്കാമെന്നും അങ്ങനെ ജനിതക രോഗങ്ങൾ ചികിത്സിച്ചു ഭേദമാക്കാമെന്നും ഇതിനു നേതൃത്വം നൽകുന്ന ഗവേഷകർ പ്രതീക്ഷിക്കുന്നു.

(ബി) ഉണ്ട്.

(സി) പ്രവാസി മലയാളികളുടെ നിക്ഷേപവും നാനോ ടെക്നോളജി ഡവലപ്പ്മെന്റ് കോർപ്പറേഷൻ (ഹൂസ്റ്റൺ, യു.എസ്.എ.), യൂറോപ്യൻ നാനോ ഫോറം (യു.കെ.), ഇൻഡ്യൻ നാനോ ഇനീഷ്യേറ്റീവ് (മുംബൈ) എന്നീ സ്ഥാപനങ്ങളിൽ നിന്നും സാങ്കേതിക സഹായവും പ്രതീക്ഷിക്കുന്നു.

സുഗന്ധഗിരി പ്രോജക്ടിനു കീഴിലുള്ള ഭൂമി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി വിതരണം ചെയ്യാൻ നടപടി

13 [*280] ശ്രീ. കെ. കെ. ജയചന്ദ്രൻ :
,, കെ. രാധാകൃഷ്ണൻ:
,, എ. കെ. ബാലൻ:
,, കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

LIBRARY ARCHIVES Kerala Legislative Assembly

(എ) സുഗന്ധഗിരി പ്രോജക്ടിനു കീഴിലുള്ള ഭൂമി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) സുഗന്ധഗിരിയിലെ ഭൂമി വിതരണത്തിന്റെ പ്രഖ്യാപനം നടന്ന് വളരെക്കാലം കഴിഞ്ഞിട്ടും ഭൂമി അനുവദിച്ചിട്ടില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഈ ഭൂമി വിതരണം ചെയ്യാനുള്ള കാലതാമസത്തിനുള്ള കാരണം വെളിപ്പെടുത്തുമോ ;

(ഡി) സുഗന്ധഗിരി പ്രോജക്ടിനു കീഴിൽ വളരെക്കാലമായി പണിയെടുക്കുന്ന വരുടെ തൊഴിൽ സംരക്ഷിച്ചുകൊണ്ട് ഭൂമി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

പിന്നോക്ക പട്ടികവർഗ്ഗ സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

(എ) സുഗന്ധഗിരി പ്രോജക്ടിനു കീഴിലുള്ള ഭൂമി പട്ടികവിഭാഗക്കാർക്കായി വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അതനുസരിച്ച് അർഹരായ 383 കുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുകയും ഇതിൽ 310 പേർക്ക് ഇതിനകം 5 ഏക്കർ വീതം ഭൂമിയുടെ കൈവശാവകാശരേഖ നൽകുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടിനുള്ളിൽതന്നെ താമസിക്കുന്ന പ്രോജക്ടിലെ തൊഴിലാളികളായ 40 പട്ടികവർഗ്ഗ കുടുംബങ്ങളെക്കൂടി പുനരധിവസിപ്പിക്കേണ്ടതുണ്ടെന്നുകണ്ട് ഇപ്രകാരമുള്ള 40 പേരുടെ ലിസ്റ്റ് കൂടി തയ്യാറാക്കിയിട്ടുണ്ട്. ഇവർക്ക് ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ ഇനിയും പ്രോജക്ട് ഭൂമിയിൽ തന്നെ താമസിക്കുന്ന കുറെക്കൂടി പട്ടിക വർഗ്ഗക്കാരുള്ളതായി മനസിലാക്കി അവരുടെ ലിസ്റ്റ് തയ്യാറാക്കിവരികയാണ്.

(ബി) ഉണ്ട്.

(സി) അർഹത സംബന്ധിച്ച് ശരിയായ രേഖകൾ ഇനിയും സമർപ്പിക്കാത്തതു കൊണ്ടും നറുക്കെടുപ്പ് വഴി ലഭിച്ച പ്ലോട്ടുകൾ കൃഷിയോഗ്യമല്ലെന്ന് പരാതിപ്പെട്ടതിനാലും ചില ഭൂമികൾ സംബന്ധിച്ച തർക്കങ്ങൾ ഉള്ളതിനാലുമാണ് ഭൂമി വിതരണം ചെയ്യാൻ കാലതാമസം നേരിടുന്നത്.

(ഡി) പ്രോജക്ട് പിരിച്ചുവിടുകയും ഭൂമി ഏറെക്കുറെ വിതരണം ചെയ്യുകയും ചെയ്ത സാഹചര്യത്തിൽ തൊഴിൽസംരക്ഷിച്ചുകൊണ്ട് ഭൂമി വിതരണം ചെയ്യാൻ കഴിയില്ല.

ആശുപത്രികൾക്കുള്ള ഔഷധ വിതരണം കാര്യക്ഷമമാക്കാൻ നടപടി

14 [*281] ശ്രീ: എം. എ. ചന്ദ്രശേഖരൻ :

,, പ്രൊഫ. എ. ഡി. മുസ്തഫ :

,, കെ. എ. ചന്ദ്രൻ :

,, എ. സുജനപാൽ :

,, എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly